# ഖുർആൻ പഠനത്തിന് പുതിയ രീതി

ഖുർആൻ ഓർക്കാനും പഠിക്കാനും നാം എളുപ്പമാക്കിയിട്ടുണ്ടെന്ന് നാലിടങ്ങളിൽ അല്ലാഹു വ്യക്തമാക്കുന്നുണ്ട് (അൽഖമർ 17, 22, 32, 40). എങ്കിലും സാധാരണ ജനങ്ങൾക്കിടയിൽ, ഖുർആൻ പഠനം പ്രയാസമേറിയതാണെന്ന ധാരണ നിലനിൽക്കുന്നു. അതേയവസരം സകല വിജ്ഞാന ശാഖകളിലും അധ്യയന രീതികളിൽ വമ്പിച്ച മാറ്റങ്ങൾ വരികയും ചെയ്തിട്ടുണ്ട്. ഖുർആൻ പഠനത്തിലും ഇത്തരം പുതിയ പരീക്ഷണങ്ങൾ പലരും നടത്തിവരുന്നു. അവയുടെ വെളിച്ചത്തിൽ മലയാളി വായനക്കാർക്ക് അറബി ഭാഷയിലൂടെ വിശുദ്ധ വേദം നേരിൽ പഠിക്കാനും ആശയങ്ങൾ ഉൾക്കൊള്ളാനും സഹായിക്കുന്ന പാഠങ്ങളാണ് ഈ പംക്തിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഏത് വിഷയം പഠിക്കാനും പഠിതാവിന് തീവ്രമായ ആഗ്രഹം വേണം. സ്വയം തീരുമാനിച്ച് തുടങ്ങണം. പഠിക്കുക എന്നത് തന്റെ ആവശ്യമാണെന്ന് തിരിച്ചറിയണം. ഉദ്ദേശ്യം നിഷ്കളങ്കമാകണം. മതപരമായ ഒരാവശ്യമാണെന്ന തിരിച്ചറിവുണ്ടാവണം. സ്രഷ്ടാവായ അല്ലാഹുവിന്റെ വിധികളും വിലക്കുകളും മൂലഭാഷയിൽ തന്നെ മനസ്സിലാക്കുന്നതിന്റെ ആവശ്യകതയും പ്രാധാന്യവും ഗ്രഹിക്കണം. അല്ലാഹുവിന്റെ വചനങ്ങൾ പഠിക്കാനുള്ള തീരുമാനത്തിൽനിന്ന് പിന്മാറുകയില്ലെന്ന് പ്രതിജ്ഞയെടുക്കണം. തന്റെ ശത്രുവായ പിശാച് തന്നെ അശ്രദ്ധനാക്കുമെന്നും നിരുത്സാഹപ്പെടുത്താൻ കിണഞ്ഞു ശ്രമിക്കുമെന്നും വിശ്വാസി അറിഞ്ഞിരിക്കണം. ആദ്യം, നിത്യവും അൽപ്പ സമയം ഈ പഠനത്തിന് ചെലവഴിക്കുമെന്ന് തീരുമാനിക്കുക. ഖുർആൻ പഠിച്ചുതീരുന്ന ആ ദിനത്തെ സ്വപ്നം കാണുക. ഓരോ ദിവസവും ഈ രംഗത്ത് ഉണ്ടാകുന്ന പുരോഗതി വിലയിരുത്തുക. ഉയർച്ചയിൽ സന്തോഷിക്കുക. അറിവ് വർധിപ്പിക്കാനായി അല്ലാഹുവോട് നിരന്തരം പ്രാർഥിക്കുക. വിജയിക്കാൻ നിങ്ങൾക്കാകും. പ്രായമോ വിദ്യാഭ്യാസ യോഗ്യതയോ ഈ മാർഗത്തിൽ തടസ്സമല്ലെന്ന് ഉറപ്പിക്കാം. അറബി ഭാഷ വായിക്കാനറിയാവുന്ന ആർക്കും ഈ പാഠങ്ങൾ പ്രയോജനപ്പെടുത്താം.

**ഒന്നാം പാഠം:**

വിശുദ്ധ ഖുർആനിൽ മുപ്പത് ജുസ്ആണുള്ളത്. 114 സൂറകൾ. ഇന്ന് പ്രചുര പ്രചാരം നേടിയ മദീന മുസ്ഹഫ ടക്കം പല പ്രിന്റുകളും 604 പേജുകൾ. ആകെ വചനങ്ങൾ 6236. ആകെ പദങ്ങൾ ഉദ്ദേശം 77,800. ഇതിൽ എൺപത് ശതമാനം വാക്കുകളും പലതവണ ആവർത്തിച്ചു വന്നവയാണ്. അവയാകട്ടെ കീശയിൽ ഒതുങ്ങുന്ന വലുപ്പത്തിൽ ക്രോഡീകരിച്ച് അച്ചടിച്ച പതിപ്പുകളും ലഭ്യമാണ്. ഇത്രയും പദങ്ങളുടെ അർഥം പഠിച്ചാൽ മുസ്ഹഫിലെ ഓരോ വരിയിലെയും രണ്ട് പദങ്ങൾ ഒഴിച്ച് ബാക്കി മുഴുവനും മനസ്സിലാക്കാൻ പഠിതാവിന് കഴിയും (മുസ്ഹഫിൽ ഒരു വരിയിൽ ശരാശരി 9 പദങ്ങളാണ്. ഒരു പേജിൽ 15 വരികളും). വിദ്യാർഥികൾക്ക് കൂടുതൽ ആവേശം നൽകുന്ന മറ്റൊരു വിവരം ശ്രദ്ധിക്കുക. ഖുർആൻ പഠിക്കാൻ നാം ഖുർആനിലെ തന്നെ പദങ്ങൾ ശ്രദ്ധയോടെ തെരഞ്ഞെടുത്തു പഠിക്കേണ്ടതുണ്ട്. പലപ്പോഴും ഏറെക്കാലം അറബി പഠിച്ചിട്ടും ഖുർആൻ മനസ്സിലാകാതെ പോകുന്നതിന്റെ കാരണം മറ്റൊന്നല്ല. യഥാർഥത്തിൽ കേവലം മുന്നൂറ് പദങ്ങൾ പഠിച്ചാൽ വിശുദ്ധ ഗ്രന്ഥത്തിലെ എഴുപത് ശതമാനം വാക്കുകളും അതിലടങ്ങുന്നു എന്നു കാണാം. കാരണം ഈ പദങ്ങൾ പല തവണകളായി ആവർത്തിച്ചു വരുന്നുണ്ട്.

ഇന്ന് നമുക്ക് ആറ് വാക്കുകൾ മാത്രം പഠിക്കാം.

| | |
|---|---|
| അവൻ | هو |
| അവർ | هم |
| നീ | أنت |
| നിങ്ങൾ | أنتم |
| ഞാൻ | أنا |
| ഞങ്ങൾ | نحن |

| ബഹുവചനം | ഏകവചനം |
|---|---|
| هم | هو |
| أنتم | أنت |
| نحن | أنا |

ഈ ആറ് പദങ്ങൾ ഖുർആനിൽ 1295 തവണ ആവർത്തിച്ചു വന്നിട്ടുണ്ട്. അഞ്ച് മിനിറ്റുകൊണ്ട് പഠിക്കാവുന്നവ. അതാകട്ടെ ഖുർആനിലെ ആകെ പദങ്ങളുടെ രണ്ട് ശതമാനത്തോളം വരും!!

(തുടരും)